# കില
## വാർത്താപത്രിക

VOLUME-11
ISSUE-7
JULY 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in





കിലയിൽ സംഘടിപ്പിച്ച 18-19 വർഷത്തെ ജില്ലാതല പദ്ധതി അവലോകനയോഗത്തിൽ
തദ്ദേശഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ സംസാരിക്കുന്നു

## റോഡുനിർമ്മാണം: കരാറുകാരുടെ ഭീഷണിക്കു വഴങ്ങേണ്ടതില്ലെന്നു മന്ത്രി ഡോ. കെ. ടി. ജലീൽ

തദ്ദേശസ്ഥാപനങ്ങളുടെ റോഡു നിർമ്മാണത്തിനു കരാറുകാർ സഹകരിക്കുന്നില്ലെങ്കിൽ വേറെ മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും അവരുടെ ഭീഷണിക്കു വഴങ്ങേണ്ടതില്ലെന്നും തദ്ദേശഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ. കിലയിൽ സംഘടിപ്പിച്ച 18-19 വർഷത്തെ ജില്ലാതല പദ്ധതി അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നടപ്പു സാമ്പത്തികവർഷത്തിൽ തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ 22,265 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും അതിൽ 4,736 എണ്ണം നിർവഹണ ഘട്ടത്തിലാണെന്നും ഡോ. കെ.ടി. ജലീൽ അറിയിച്ചു. ജില്ലാതലത്തിൽ തദ്ദേശസ്ഥാപനങ്ങൾ 8.03 ശതമാനമാണ് പദ്ധതിയിനത്തിൽ ചെലവഴിച്ചത്. ഗ്രാമപഞ്ചായത്തുകൾ (9.3) ബ്ലോക്ക് പഞ്ചായത്ത്(6.2) ജില്ലാപഞ്ചായത്ത് (9.4) നഗരസഭകൾ (9.49) കോർപ്പറേഷൻ(5.04) എന്നിങ്ങനെയാണ് ചെലവഴിച്ചതിന്റെ ശതമാന കണക്ക്. ഗെയിംസ് ഫെസ്റ്റിവൽ നടത്താനുള്ള നിർദ്ദേശം 11 പഞ്ചായത്തുകൾ മാത്രമേ ഏറ്റെടുത്തിട്ടുള്ളൂ. ഓരോ പഞ്ചായത്തിലും സംരംഭക്ലബ്ബുകൾ രൂപീകരിക്കാൻ പഞ്ചായത്തുകൾ മുൻകൈ എടുക്കണം. ജില്ലയിൽ മൂന്നു പഞ്ചായത്തുകളിൽ മാത്രമേ ഇതു നടപ്പിലാക്കിയിട്ടുള്ളൂ. ഗുണഭോക്തൃലിസ്റ്റ് ഉടനെ പൂർത്തിയാക്കി ബന്ധപ്പെട്ട് ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്കു കൈമാറണം. ലൈഫ് മിഷനിൽ പെട്ട വീടുകളുടെ നിർമ്മാണം 84 ശതമാനം പൂർത്തിയായി.

കയ്പമംഗലം, അടാട്ട്(ഗ്രാമപഞ്ചായത്തുകൾ) പഴയന്നൂർ, മാള (ബ്ലോക്ക് പഞ്ചായത്തുകൾ) ചാലക്കുടി, കുന്നംകുളം (നഗരസഭകൾ) തൃശ്ശൂർ കോർപ്പറേഷൻ, ജില്ലാപഞ്ചായത്ത് എന്നിവയുടെ പ്രതിനിധികൾ തങ്ങളുടെ പദ്ധതികളെ കുറിച്ചു ഹ്രസ്വമായി സംസാരിച്ചു. കഴിഞ്ഞ വർഷം നൂറു ശതമാനം പദ്ധതി നിർവഹണം നടത്തിയ ഏഴു ഗ്രാമപഞ്ചായത്തുകളേയും രണ്ടു ബ്ലോക്ക് പഞ്ചായത്തുകളേയും കുന്നംകുളം നഗരസഭയേയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു. നൂറു ശതമാനം നികുതി പരിച്ച 39 ഗ്രാമപഞ്ചായത്തുകളേയും അനുമോദിച്ചു.

റൂറൽ ഡെവലപ്മെന്റ് കമ്മീഷ്ണർ സന്തോഷ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ജില്ലാ കലക്ടർ ടി.വി.അനുപമ, തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.ജെ.ജെയിംസ് എന്നിവർ സംസാരിച്ചു. ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ, മറ്റ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരാണ് അവലോകനയോഗത്തിൽ പങ്കെടുത്തത്.



സാമൂഹ്യവിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ട് ലൈബ്രറി കൗൺസിൽ അംഗങ്ങൾക്കും ഗ്രന്ഥശാല സെക്രട്ടറിമാർക്കും കിലയിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ പരിശീലനപരിപാടി

# ലൈബ്രറി കൗൺസിൽ അംഗങ്ങൾക്കും ഗ്രന്ഥശാല സെക്രട്ടറിമാർക്കും പരിശീലനം

**ന**വകേരളത്തിനായി ജനകീയാസൂത്രണത്തിന്റെ ഭാഗമായ സാമൂഹ്യവിദ്യാഭ്യാസ പരിപായിടിയുമായി ബന്ധപ്പെട്ട് ലൈബ്രറി കൗൺസിൽ അംഗങ്ങൾക്കും ഗ്രന്ഥശാല സെക്രട്ടറിമാർക്കും രണ്ടുദിവസത്തെ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ലൈബ്രറി കൗൺസിൽ തൃശ്ശൂർ ജില്ലാ സെക്രട്ടറി കെ.എൻ.ഹരി, ജനകീയാസൂത്രണം ജില്ലാ കോർഡിനേറ്റർ വി.വി.സുധാകരൻ, കോഴ്സ് കോർഡിനേററർ വി.സി.ചെറിയാൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ അധികാരവികേന്ദ്രീകരണം-ചരിത്രവും കാഴ്ച്ചപ്പാടും, പഞ്ചായത്ത് രാജ് സംവിധാനം, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, ഗ്രാമസഭ, കുടുംബശ്രീ, ലൈഫ്-ആർദ്രം മിഷനുകൾ, ഹരിതകേരളം മിഷൻ, പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, സ്ഥാപനതല ആസൂത്രണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില റിസോഴ്സ് പേഴ്സൺമാരായ പി.എം.ദേവരാജൻ, എൻ.കുമാരൻ എന്നിവർ നേതൃത്വം നൽകി. തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിൽനിന്നുള്ള 63 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## ഒരു വീട്ടിൽ ഒരു തറി

**കൈ**ത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നു നടപ്പാക്കാൻ സർക്കാർ ഉത്തരവായി. കൈത്തറി തൊഴിലാളികളുടെ വീടിനോടു ചേർന്നു തറി സ്ഥാപിക്കാൻ 75% തുക സർക്കാരും 25% തുക ഗുണഭോക്താവും വഹിക്കുന്ന പദ്ധതിയാണിത്. എന്നാൽ പാവപ്പെട്ട നെയ്തുതൊഴിലാളികൾക്കു 25% തുക ഗുണഭോക്തൃവിഹിതമായി അടയ്ക്കുവാൻ കഴിവില്ലാത്തതിനാൽ ഗുണഭോക്തൃവിഹിതമായി അടയ്ക്കേണ്ട 25% തുകയിൽ 10% തുക തദ്ദേശഭരണസ്ഥാപനവും 15 ശതമാനം തുക ഗുണഭോക്താവോ അല്ലെങ്കിൽ ബാങ്ക് വായ്പയോ ഉൾപ്പെടുത്തി നടപ്പാക്കാൻ 25.6.2018 ലെ സ.ഉ.(സാധാ) 1719/18/ നമ്പറായി തദ്ദേശഭരണവകുപ്പു ഉത്തരവായിട്ടുണ്ട്.

## അനധികൃതബോർഡുകൾ നീക്കം ചെയ്യണം

**ത**ദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനുമതിയില്ലാതെ റോഡരുകിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളും ഹോർഡിങ്ങുകളും ബാനറുകളും നീക്കം ചെയ്യുന്നതിനു സെക്രട്ടറി നടപടികൾ സ്വീകരിക്കേ ണ്ടതാണ്. സംസ്ഥാനത്തൊട്ടാകെ വിവിധ സംഘടനകളും രാഷ്ട്രീയപാർട്ടികളും സ്ഥാപിക്കുന്ന പരസ്യബോർഡുമൂലം റോഡിൽ അപകടങ്ങളുണ്ടാകുന്നുണ്ട്. ബോർഡുകൾ സ്ഥാപിക്കുന്ന തർക്കം മൂലം സംഘട്ടനങ്ങൾ ഉണ്ടാകുന്നതും പതിവായിരിക്കുന്നു. ഈ സാഹചര്യത്തിലാണ് സെക്രട്ടറിമാർ നടപടികൾ സ്വീകരിക്കണമെന്നു നിർദ്ദേശിച്ച് 7.3.18 ൽ 41/ആർ.സി.2/2018 നമ്പറായി അഡീഷ്ണൽ ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചത്.



തൃശ്ശൂർ പൂരം പ്രദർശനനഗരിയിലെ കില പവലിയനു ലഭിച്ച പുരസ്കാരം മന്ത്രി വി.എസ്.സുനിൽകുമാറിൽനിന്ന് കില സെക്ഷൻ ഓഫിസർ കെ. ബാബുവും പി.ആർ.ബാബുവും ഏറ്റുവാങ്ങുന്നു



തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഏകദിന പരിശീലനപരിപാടി
കിലയിൽ പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു

# ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു ഐ.എസ്.ഒ പരിശീലനം

**തൃ**ശ്ശൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ നിലവാരിത്തിലേക്കു ഉയർത്തുന്നതിനുള്ള ഏകദിന പരിശീലനം കിലയിൽ പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പി.ജെ. ജെയിംസ് അദ്ധ്യക്ഷനായിരുന്നു. കില ഡെപ്യൂട്ടി ഡയറക്ടർ പി.ബി. ഉഷ, അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, സീനിയർ സൂപ്രണ്ട് വിനോദ് കുമാർ തുടങ്ങിയവർ സംസാരിച്ചു. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും ഓഡിറ്റ് സൂപ്പർ വൈസർമാരുമാണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്. ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ ഇരുപതെണ്ണത്തിനു മാത്രമേ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടാൻ കഴിഞ്ഞിട്ടുള്ളൂ. 2018–19 വർഷത്തിൽ തന്നെ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ, കിലയുടേയും പഞ്ചായത്ത് വകുപ്പിന്റെയും നേതൃത്വത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുവാനാണുദ്ദേശിക്കുന്നത്. പഞ്ചായത്തുകളുടെ 2018–19 വാർഷിക പദ്ധതി, മഴക്കാല ആരോഗ്യ ജാഗ്രതാപരിപാടി, കുടിശ്ശിക നികുതി പിരിവ്, പഞ്ചായത്തുകളുടെ സോഫ്റ്റ് വെയർ വിന്യാസം എന്നിവ സംബന്ധിച്ച് അവലോകനവും നടത്തി.



നഗരസഭകളിലെ ജനപ്രതിനിധികൾക്കും നിർവഹണ ഉദ്യോഗസ്ഥർക്കും വേണ്ടി സംഘടിപ്പിച്ച കിലയിലെ വെർച്ചൽ ക്ലാസ്സ് റൂം

# പദ്ധതിനിർവഹണം: വെർച്ചൽ ക്ലാസ്സ്റൂം പരിശീലനം പൂർത്തിയായി

**ന**ടപ്പുവർഷത്തെ (2018-19) പദ്ധതി രൂപീകരണവും നിർവഹണവും നൂറുശതമാനം ഗുണമേന്മയോടെ നടപ്പിലാക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വെർച്ചൽ ക്ലാസ്സ് റൂം വഴി നൽകിവന്ന പരിശീലനം പൂർത്തിയായി. തൃശ്ശൂർ മുതൽ കണ്ണൂർ വരെയുള്ള ഏഴു ജില്ലകളിലുള്ളവർക്കു കില കേന്ദ്രത്തിൽനിന്നാണ് പരിശീലനം നൽകിയത്. ശേഷിക്കുന്ന ജില്ലകൾക്കു തിരുവനന്തപുരത്തെ സ്വരാജ് ഓഡിറ്റോറിയമായിരുന്നു പരിശീലനകേന്ദ്രം.

പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ആസൂത്രണസമിതി ഉപാദ്ധ്യക്ഷ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ഓരോ തദ്ദേശസ്ഥാപനത്തിൽനിന്നും പരിശീലനത്തിൽ പങ്കെടുക്കുന്നത്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലേയും നഗരസഭകളിലേയും പരിശീലനമാണ് പൂർത്തിയായത്. ജില്ലാപദ്ധതി, സംയുക്ത സംയോജിത പദ്ധതികൾ, ഗുണമേന്മയുള്ള പ്രോജക്ട് നിർവഹണം, സ്റ്റേറ്റ് ഓഡിററിംഗും ഫയൽ മാനേജ്മെന്റും, പദ്ധതി തയ്യാറാക്കൽ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

ജനകീയാസൂത്രണം ജില്ലാ കോർഡിനേറ്റർമാരായ വി.വി.സുധാകരൻ (തൃശ്ശൂർ), പി.വി.രത്നാകരൻ (കണ്ണൂർ), കെ.കെ.രവി(എറണാകുളം), എസ്.ആർ.ജി മെമ്പർ ജി.കെ.സദനരാജൻ, കണ്ണൻനായർ, പി.വി.പത്മനാഭൻ, ജില്ലാ ഡെ പ്യൂട്ടി പ്ലാനിംഗ് ഓഫീസർ ടി.ആർ.മായ, അസി.പ്ലാനിംഗ് ഓഫീസർ ബാബു കുമാർ, പി.എം.ദേവരാജൻ, റഷീദ് എന്നിവരാണ് കില കേന്ദ്രത്തിലെ പരിശീലനത്തിനു നേതൃത്വം നൽകിയത്.



നാലുദിവസത്തെ സന്ദർശനത്തിനു കിലയിലെത്തിയ തമിഴ് നാട്ടിലെ ഉദ്യോഗസ്ഥസംഘത്തിനു സംഘടിപ്പിച്ച പരിശീലന പരിപാടി

# തമിഴ്നാട്ടിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം കിലയിൽ

**കേ**രളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെസംബന്ധിച്ചും കൂടുതൽ മനസ്സിലാക്കുന്നതിനു തമിഴ്നാട്ടിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം നാലു ദിവസത്തെ സന്ദർശനത്തിനു കിലയിലെത്തി. തമിഴ്നാട്ടിലെ ഗ്രാമവികസന ഇൻസ്ററിറ്റ്യൂട്ടിലെ ഫാക്കൽറ്റികളും പഞ്ചായത്തുവകുപ്പിലെ അസി.ഡയറക്ടർമാരുമടങ്ങുന്ന സംഘത്തിൽ 29 പേരുണ്ടായിരുന്നു. കില പ്രൊഫസർ ഡോ.സണ്ണി ജോർജ് സംഘാംഗങ്ങളെ സ്വാഗതം ചെയ്തു. കേരളത്തെക്കുറിച്ചും സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെക്കുറിച്ചും പ്രൊ.ഫ.ടി.രാഘവൻ സംസാരിച്ചു. കേരളത്തിലെ ജനാധിപത്യ അധികാരവികേന്ദ്രീകരണം, പഞ്ചായത്ത് സ്ഥാപനങ്ങളിലെ ധനവികേന്ദ്രീകരണം, പഞ്ചായത്തുകളിലേക്കു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം, പങ്കാളിത്ത ആസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, ബാലസൗഹൃദ തദ്ദേശഭരണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ.ജെ.ബി.രാജൻ, ഡോ.പീററർ എം.രാജ്, സി.രാധാകൃഷ്ണൻ, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

അവണിശ്ശേരി ഗ്രാമപഞ്ചായത്ത്, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങൾ സന്ദർശിച്ച സംഘം അവിടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള മീൻവല്ലം സൂക്ഷ്മ ജലവൈദ്യുതി പദ്ധതിയും സംഘം സന്ദർശിച്ചു.

## കോർഡിനേഷൻ കമ്മിറ്റിക്കു അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**വാ**ർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനു കോർഡിനേഷൻ കമ്മിറ്റിയിലേക്കു അപേക്ഷിക്കുമ്പോൾ നിഷ്കർഷിക്കേണ്ട കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു. ജില്ല ആസൂത്രണസമിതികളുടേയോ അപ്പലറ്റ് കമ്മിറ്റിയുടേയോ അംഗീകാരവുമായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്കു പരാതിയുണ്ടെങ്കിൽ ആ പരാതി ജില്ല ആസൂത്രണസമിതി സെക്രട്ടേറിയറ്റ് (ജില്ല പ്ലാനിംഗ് ഓഫിസ്) മുഖേന മാത്രമേ സർക്കാരിലേക്കു അയയ്ക്കാൻ പാടുള്ളൂ. ജില്ല ആസൂത്രണസമിതി സെക്രട്ടേറിയറ്റിന്റെ റിപ്പോർട്ട് സഹിതം അയച്ചാലേ കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയുള്ളൂ. ജില്ല പ്ലാനിംഗ് ഓഫീസ് മുഖേനയല്ലാതെ വരുന്ന കത്തുകളും അപേക്ഷകളും റിപ്പോർട്ടിനുവേണ്ടി വീണ്ടും ജില്ലയിലേക്കു അയക്കുന്ന കാലതാമസം ഒഴിവാക്കാനാണ് ഇത്തരം നടപടി ആവശ്യപ്പെടുന്നത്. നൂതന പ്രോജക്ടുകൾ സംബന്ധിച്ച് സർക്കാരിന്റെ അനുമതി ആവശ്യമെങ്കിൽ അക്കാര്യം ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റിയുടെ അഭിപ്രായകുറിപ്പോടെ വേണം അയക്കാൻ. അതുപോലെ വകുപ്പുതലത്തിൽ നടപടി എടുക്കേണ്ട വിഷയങ്ങൾ വകുപ്പുമേധാവികൾക്കാണ് അയക്കേണ്ടത്. ഇക്കാര്യങ്ങളെല്ലാം വിശദമാക്കിക്കൊണ്ട് 26.6.2018 ൽ ഡി.എ1/517/2018 നമ്പറായി തദ്ദേസസ്വയംഭരണവകുപ്പു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

## ആരോഗ്യകേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**ആ**രോഗ്യരംഗത്തു മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യവകുപ്പിന്റെ ആരോഗ്യകേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ജില്ലാപഞ്ചായത്ത് വിഭാഗത്തിൽ 10 ലക്ഷം രൂപയുടെ ഒന്നാം സ്ഥാനം കൊല്ലം നേടി. രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കാസർകോടിനു 5 ലക്ഷം രൂപ ലഭിക്കും.

നഗരസഭ വിഭാഗത്തിൽ ഒന്നാം സ്ഥാനം (10 ലക്ഷം രൂപ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിക്കാണ്. രണ്ടാം സ്ഥാനം (5 ലക്ഷം രൂപ) ആലപ്പുഴ ജില്ലയിലെ ഹരിപ്പാടിനു ലഭിച്ചു. മൂന്നു ലക്ഷം രൂപയുടെ മൂന്നാം സ്ഥാനം നേടിയത് മലപ്പുറം ജില്ലയിലെ വളാഞ്ചേരിയാണ്.

ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നാംസ്ഥാനം (10 ലക്ഷം രൂപ) ചിറയിൻകീഴിനാണ്. (തിരുവനന്തപുരം) രണ്ടാംസ്ഥാനം (5 ലക്ഷം രൂപ) കാസർകോട് ജില്ലയിലെ നീലേശ്വരിത്തിനും മൂന്നു ലക്ഷം രൂപയുടെ മൂന്നാംസ്ഥാനം  കൊല്ലം ജില്ലയിലെ ചിറ്റുമലയ്ക്കും ലഭിച്ചു.

പഞ്ചായത്ത് വിഭാഗത്തിൽ ഇടുക്കി ജില്ലയിലെ കുടയത്തൂർ ഒന്നാംസ്ഥാനം (10 ലക്ഷം രൂപ) നേടി. തിരുവനന്തപുരം ജില്ലയിലെ കിളിമാനൂരിനാണ് രണ്ടാംസ്ഥാനം(7 ലക്ഷം രൂപ) ഇടുക്കി ജില്ലയിലെ മുട്ടം പഞ്ചായത്തിനാണ് മൂന്നാംസ്ഥാനം (6 ലക്ഷം രൂപ)




കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് മൃഗപരിപാലനവും ക്ഷീരവികസനവും
എന്ന വിഷയത്തെക്കുറിച്ചു കില സംഘടിപ്പിച്ച ഏകദിന ശില്പശാല

# സംസ്ഥാനത്ത് ചൂടു കൂടും; പശ്ചിമതീരത്ത് മഴ കുറയും

**സം**സ്ഥാനത്തു ചൂടിന്റെ തോത് 2050 ആകുമ്പോഴേക്കും 2 ഡിഗ്രി കണ്ട് വർദ്ധിക്കുമെന്നു ബംഗളൂരുവിലെ നാഷ്ണൽ ഡയറി ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോ .എ. മുകുന്ദ് പറഞ്ഞു. പശ്ചിമഘട്ടത്തിൽ ഇതിന്റെ വർദ്ധന 2 മുതൽ 4.5 ഡിഗ്രിവരെയായിരിക്കും. പശ്ചിമതീരങ്ങളിൽ മഴയുടെ ലഭ്യതയും കുറയും. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് കില സംഘടിപ്പിച്ച മൃഗപരിപാലനവും ക്ഷീരവികസനവും എന്ന വിഷയത്തെക്കുറിച്ചുള്ള ഏകദിന ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ഏഴു കോടി കുടുംബങ്ങൾ ഒരു പശുവിനേയോ ഒരു എരുമയേയോ വളർത്തുന്നവരാണെന്നു അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ സ്വാഗതം പറഞ്ഞു. കാലാവസ്ഥാവ്യതിയാനവും പശുവളർത്തലും, കാലാവസ്ഥാവ്യതിയാനവും കോഴി വളർത്തലും, കാലാവസ്ഥാവ്യതിയാനത്തിന്റെ അനുഭവങ്ങൾ എന്നീ വഷയങ്ങളെക്കുറിച്ച് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ ഡോ.എസ്. ഹരികുമാർ, ഡോ. വി.ബീന, ഉണ്ണികൃഷ്ണൻ ദിവാകരൻ നായർ എന്നിവർ ക്ലാസ്സെടുത്തു. വിവിധ ജില്ലകളിൽനിന്നുള്ള തദ്ദേശ സ്ഥാപനങ്ങളിലെ മൃഗപരിപാലനവും ക്ഷീരവികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ ചെയർപേഴ്സൺമാർ, വെറ്ററിനറി ഡോക്ടർമാർ, ഡയറി ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

വേനലിലെ അത്യുഷ്ണവും താപക്കാററും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളെ നേരിടുന്നതിനു തദ്ദേശസ്ഥാപനങ്ങളെ സജ്ജരാക്കാനാണ് ശില്പശാല. ആരോഗ്യം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലാണ് വേനലിന്റെ കെടുതികളേറേയും. ഇവയെക്കുറിച്ചു മനസ്സിലാക്കി തദ്ദേശസ്ഥാപനങ്ങളുടെ തുടർപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയാണ് ശില്പശാലയുടെ ലക്ഷ്യം. കാലാവസ്ഥാവ്യതിയാനവും തദ്ദേശസ്ഥാപനങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി കില നടത്തുന്ന സെമിനാറുകളുടേയും ശില്പശാലകളുടേയും പരമ്പരയിലെ മൂന്നാമത്തെ പരിപാടിയാണിത്.

## പ്രോജക്ടുകളുടെ ബിൽതുക പാർട്ട് ബിൽ സംവിധാനത്തിൽ നൽകണം

**2018–19** വർഷം മുതൽ വലിയ പ്രോജക്ടുകളുടെ ബിൽതുക നൽകുന്നതിനു പാർട്ട് ബിൽ സംവിധാനം നിർബന്ധമായും അവലംബിക്കേണ്ടതാണെന്നു തദ്ദേശസ്വയംഭരണ വകുപ്പ് ജോ.സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചു. പദ്ധതി ചെലവ് വർഷാന്ത്യത്തിൽ കേന്ദ്രീകരിക്കുന്നതു ഒഴിവാക്കാനും പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനും പാർട്ട് ബിൽ പ്രകാരം തുക നൽകുന്നതു സഹായകരമാകും. പാർട്ട് ബിൽ നൽകുമ്പോൾ ശേഷിക്കുന്ന ഭാഗം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മുൻകരുതൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ എടുക്കേണ്ടതാണ്. അസി.എഞ്ചിനീയർ മുതൽ മുകളിലോട്ടുള്ള എല്ലാ എഞ്ചിനീയർമാരും വാർഷിക വിലയിരുത്തൽ ഫോമിൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്തണം. 24.3.2018 നാണ് ഇതുസംബന്ധിച്ച സർക്കുലർ പുറത്തിറക്കിയത്.

## കിലയിൽ വ്യത്യസ്തതരം മുളകളുടെ ശേഖരം ഒരുക്കുന്നു

**കേ**രള വനഗവേഷണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ കില കാമ്പസിൽ വ്യത്യസ്തതരം മുളകളുടെ ശേഖരം ഒരുക്കുന്നു. കിലയിൽ പരിശീലനത്തിനെത്തുന്ന ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കർഷകർക്കും ഇന്ത്യയിലെ വിവിധ തരം മുളകളെ അടുത്തറിയാനുള്ള അവസരമൊരുക്കുകയാണ് ലക്ഷ്യമെന്ന് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ പറഞ്ഞു. കേരള കലാമണ്ഡലത്തിലും കേരള പോലീസ് അക്കാദമിയിലും ഇത്തരം പ്രവർത്തനങ്ങൾക്കു ഉടൻ തുടക്കമിടുമെന്നു കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയും കെ.എഫ്.ആർ.ഐ ഡയറക്ടറുമായ ഡോ.എസ്. പ്രദീപ് കുമാർ അറിയിച്ചു. ഡോ. എ.വി. രഘു പദ്ധതികൾക്കു നേതൃത്വം നൽകും.

## ഭൂട്ടാനിൽനിന്നുള്ള രണ്ടാമത്തെ സംഘവും കിലയിൽ

**പെർ**ഫോർമൻസ് മാനേജ്മെന്റ് വിഷയത്തിൽ പരിശീലനത്തിനായി ഭൂട്ടാനിൽനിന്നുള്ള രണ്ടാമത്തെ സംഘവും കിലയിലെത്തി. ഭൂട്ടാൻ സെക്രട്ടേറിയറ്റിലേയും വിവിധ മന്ത്രാലയങ്ങളിലേയും ഉദ്യോഗസ്ഥർ, പ്ലാനിംഗ് ഓഫിസർമാർ എന്നിവരടക്കം പതിനെട്ടുപേരുണ്ടായിരുന്നു. അഞ്ചുദിവസത്തെ പരിശീലനപരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിൽ കില ഡയറക്ടർ ജോയ് ഇളമൺ, കില പ്രൊഫ. ഡോ. സണ്ണി ജോർജ്, ഡോ. ജെ.ബി.രാജൻ, പ്രൊഫ.ടി.രാഘവൻ എന്നിവർ സംബന്ധിച്ചു. സന്ദർശനസംഘം വലപ്പാട് ഗ്രാമപഞ്ചായത്തും സന്ദർശിച്ചു.

# ചോദ്യങ്ങൾക്കു മറുപടി

> ## ചോദ്യങ്ങൾക്ക് മറുപടി
> **പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ–0487 2455000**

? ഒരു പട്ടികവർഗ്ഗകോളനിയിൽ നടന്നുവരുന്ന ജലസേചനപദ്ധതിക്കു വൈദ്യുതിചർജ് അടയ്ക്കുവാൻ യാതൊരു നിർവാഹവുമില്ല. ഈ തുക പഞ്ചായത്തിൽ നിന്ന് അടയ്ക്കാമോ?

● പട്ടികവർഗ്ഗ/പട്ടികജാതി കോളനികളിലും പട്ടികജാതി –പട്ടികവർഗ്ഗക്കാർ അമ്പതു ശതമാനത്തിൽ കൂടുതൽ താമസിക്കുന്ന കോളനികളിലും ജലസേചന പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസനഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്.(പദ്ധതി മാർഗ്ഗരേഖ.സ.ഉ.(കൈ) 11/2018 തസ്വഭവ.29.1.18 ഖ.6.2.7)

? ഉദ്ഘാടനം പോലെയുള്ള പൊതുചടങ്ങുകൾക്കു പഞ്ചായത്ത് ഫണ്ടിൽന്ന് എത്ര തുക ചെലവഴിക്കാം?

● പൊതു ചടങ്ങുകളിൽ മന്ത്രിമാർ പങ്കെടുക്കുന്നുണ്ടെങ്കിൽ ഒരു പ്രാവശ്യം പരമാവധി 25,000/– രൂപ വരെ ചെലവഴിക്കാം. അല്ലാതെയുള്ള ചടങ്ങുകൾക്കു പരമാവധി 10,000/– രൂപ വരെ ചെലവഴിക്കാം. (സ.ഉ.(സാധ) 3866/2015 തസ്വഭവ. തീയതി.28.12.2015)

? പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വില ഈടാക്കി നൽകുന്ന കച്ചവടസ്ഥാപനങ്ങൾ പ്രതിമാസം 4,000/–രൂപ ഫീസ് ഒടുക്കി പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞുവെന്നു പറയുന്നതു ശരിയാണോ?

● ശരിയാണ്. 2018 പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യൽ ഭേദഗതി ചട്ടപ്രകാരം കച്ചവടക്കാരുടെ രജിസ്ട്രേഷൻ നിഷ്കർഷിക്കുന്ന 2016 ലെ ചട്ടത്തിലെ 15–ാം ചട്ടം ഒഴിവാക്കിയിട്ടുണ്ട്.(27.3.2018 ലെ ജി.എസ്.ആർ 285 (ഇ) വിജ്ഞാപനം)

? ഒരു പഞ്ചായത്ത് അംഗം ഒരു ദിവസം രണ്ടു യോഗത്തിൽ പങ്കെടുത്താൽ രണ്ടിനും ഹാജർ ബത്ത നൽകാമോ?

● ഏതൊരു തലത്തിലുള്ള പഞ്ചായത്ത് പ്രസിഡന്റുമാർക്കും വൈസ് പ്രസിഡന്റുമാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കും ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കും ഓരോ സിറ്റിംഗിനും ഹാജർ ബത്ത അനുവദിക്കാം. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലേയും ഗ്രാമപഞ്ചായത്തിലേയും മുനിസിപ്പാലിറ്റിയിലെ ചെയർമാൻ ഉൾപ്പെടെയുള്ള കൗൺസിലർമാർക്കും ഓരോ ദിവസത്തേക്കാണ് ഹാജർ ബത്ത അനുവദിക്കുന്നത്.(ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ചട്ടത്തിലെ 6–ാം ചട്ടം കാണുക. മുനി. ചട്ടം 5).

? പഞ്ചായത്ത് യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയ ഒരിനം അദ്ധ്യക്ഷനു സ്വമേധയാ അടുത്ത യോഗത്തിലേക്കു മാറ്റിവയ്ക്കാൻ പററുമോ?

● പറ്റില്ല.അജണ്ടയിൽ ഉൾപ്പെടുത്തിയ എല്ലാ ഇനങ്ങളും യോഗം ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണ്. കൂടുതൽ പരിശോധനയോ പഠനമോ ആവശ്യമാണെന്നു പങ്കെടുത്ത ഭൂരിപക്ഷം അംഗങ്ങൾക്കു തോന്നുകയാണെങ്കിൽ യോഗ തീരുമാനപ്രകാരം അടുത്ത യോഗത്തിലേക്കു മാറ്റാവുന്നതാണ്.

? മൂന്നിൽ കൂടുതൽ നിലകളുള്ള ഫ്ളാറ്റിനു പെർമിറ്റ് കൊടുക്കുന്നതിനുമുമ്പ് ഫയർ ഫോഴ്സിന്റെ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽ മാറ്റം വന്നിട്ടുണ്ടോ?

● ഉണ്ട്. 2017–ലെ കേരള പഞ്ചായത്ത് കെട്ടിട ഭേദഗതി നിയമപ്രകാരം ചട്ടം 55(4)ൽ മൂന്നു നിലകളിൽ കൂടുതലുള്ളത് എന്നതു 1000 ചതുരശ്രമീറ്ററിൽ കുടുതൽ പ്ലിന്ത് ഏരിയ ഉള്ളതോ 15 മീറ്ററിൽ കൂടുതൽ ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്കു മാത്രം ഫയർ ഫോഴ്സിന്റെ അംഗീകാരം മതി എന്ന് ഭേദഗതി ചെയ്തിട്ടുടണ്ട്. എന്നാൽ 300 ചതുരശ്രമീറ്ററിൽ കൂടുതലുള്ളതും 1000 ച.മീറ്ററിൽ കുറവായതും 15 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ അപേക്ഷകൻ സ്വയം പ്രഖ്യാപനം നൽകിയാൽ മതി. ഇതേ രീതിയിൽ മറ്റു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്കും ഭേദഗതി വന്നിട്ടുണ്ട്.

? വൈസ് പ്രസിഡന്റിന്റെ മരണം മൂലം ഉണ്ടായ മെമ്പറുടെ ആകസ്മിക ഒഴിവു നികത്തുന്നതിനു മുമ്പ് പുതിയ വൈസ് പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പു നടത്താമോ?

● വൈസ് പ്രസിഡന്റ് പദവിയിലെ ആകസ്മിക ഒഴിവു ഉണ്ടായതിനുശേഷം എത്രയും പെട്ടെന്നു സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ നിശ്ചയിക്കുന്ന ദിവസം പുതിയ വൈസ് പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പുയോഗം വരണാധികാരി വിളിച്ചുചേർക്കേണ്ടതാണ്. എന്നാൽ മെമ്പറുടെ പദവിയിലുള്ള ആകസ്മിക ഒഴിവു ആറുമാസത്തിനകം നികത്തിയാൽ മതി. ആകയാൽ മെമ്പറുടെ ഒഴിവു നികത്തുന്നതുവരെ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പു മാറ്റിവയ്ക്കാവുന്നതല്ല.

? സബ്സിഡി മാനദണ്ഡപ്രകാരം ചെറുകിട/നാമമാത്ര കർഷകർക്കാണ് നെൽകൃഷിക്കു കൂലിചെലവ് സബ്സിഡി നൽകാവുന്നതു എന്ന് ഖ.6.1(6) ൽ പറയുന്നത്. എന്നാൽ രണ്ടു ഹെക്ടറിലധികം നെൽകൃഷി നടത്തുന്ന ആൾക്കും രണ്ടു ഹെക്ടറിൽ പരിമിതപ്പെടുത്തി ആനുകൂല്യം നൽകാമോ?

● നൽകാം. രണ്ടു ഹെക്ടറിലധികം നെൽകൃഷി നടത്തുന്ന കർഷകർക്കും രണ്ടു ഹെക്ടർ വരെയുള്ള നെൽകൃഷിക്കു നൽകിവരുന്ന എല്ലാ ആനുകൂല്യവും നൽകാവുന്നതാണെന്നു സബ്സിഡി മാനദണ്ഡം (സ.ഉ.(കൈ)22/2018) തസ്വഭവ.തീയതി.14.2.2018)ഖ.2.12.1 ൽ പറയുന്നുണ്ട്.

? 600/– രൂപ പ്രതിമാസം പെൻഷൻ കിട്ടുന്ന അങ്കണവാടി വർക്കർക്കു വാർദ്ധക്യകാല പെൻഷൻ നൽകാമോ?

● 6.11.2017 ലെ സ.ഉ. (എം.എസ്)483/2017 ധന നമ്പർ ഉത്തരവു പ്രകാരം അപേക്ഷകൻ സർവീസ് പെൻഷനർ ആകരുതെന്നാണ് വ്യവസ്ഥ. അങ്കണവാടി പെൻഷനർ സർവീസ് പെൻഷനല്ലാത്തതിനാൽ മററു നിബന്ധനകൾ പാലിക്കുന്നുണ്ടെങ്കൽ വാർദ്ധക്യകാല പെൻഷൻ അനുവദിക്കാവുന്നതാണ്.

? ക്വാറിയിൽനിന്നുവരുന്ന ഭാരം കയറ്റിയ ലോറികൾ നിരന്തരം പോകുന്നതുമൂലം റോഡിനു കേടുപാടുകൾ പറ്റുന്നതിനാൽ വാഹനഗതാഗതം നിയന്ത്രിക്കാൻ പഞ്ചായത്തിനു അധികാരമുണ്ടോ?

● ആറുമീറ്ററിൽ കുറഞ്ഞ വീതിയുള്ള എല്ലാതരം റോഡിൽ കൂടിയും പത്തു ടണ്ണിലധികം ഭാരം കയറ്റാവുന്ന ചരക്കുവാഹനങ്ങൾ പോകുന്നതു നിരോധിച്ചുകൊണ്ട് 29.9.2015 നു സ.ഉ.(പി)59/2015/ ട്രാൻ, നമ്പറായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ക്വാറിയിൽനിന്നു വരുന്ന ലോറികൾ മൂലം പഞ്ചായത്തു റോഡുകൾക്കു കേടുപാടു സംഭവിക്കുന്നതു തടയാൻ ഉദ്ദേശിച്ചാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ആകയാൽ ഇത്തരം വാഹനങ്ങൾ പ്രവേശിക്കുന്നതു പഞ്ചായത്തിനു നിരോധിക്കാവുന്നതാണ്.



പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ ഐ.എസ്.ഒ നിലവാരത്തിലാക്കുന്നതിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല

## ഡി.ഡി.പി ഓഫീസുകൾ ഐ.എസ്.ഒ നിലവാരത്തിലേക്ക്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ (ടി.ക്യു.എം) ഐ.എസ്.ഒ 9001: 2015 നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ആദ്യത്തെ സംസ്ഥാനതല ഏകദിന ശില്പശാല കിലയിൽ സംഘടിപ്പിച്ചു. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ആവശ്യകത, ടി.ക്യു.എം. തത്വങ്ങൾ ഡി.ഡി.പി. ഓഫീസുകളിൽ നടപ്പിലാക്കുന്ന രീതി, ഐ.എസ്.ഒ സർട്ടിഫിക്കേഷനുള്ള കർമ്മപരിപാടി തയ്യാറാക്കൽ, ടി.ക്യു.എമ്മിന്റെ പഞ്ചായത്തുതല പ്രവർത്തനം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു ശില്പശാല. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, ട്രെയിനിംഗ് അസോസിയേററ് പ്രതാപ് സിംഗ്, ടി.ക്യു.എം കോർഡിനേറ്റർ കുമാരി അനൂപ് നാരായണൻ എന്നിവർ ശില്പശാലയ്ക്കു നേതൃത്വം നൽകി. പതിനാല് ജില്ലകളിൽനിന്നുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പഞ്ചായത്ത് ഡയറക്ടറേറ്റിലെ പ്രതിനിധികളുമാണ് ശില്പശാലയിൽ പങ്കെടുത്തത്.



തോളൂർ ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച ഏകദിനപരിശീലനം

## സമഗ്രവികസനത്തിനു പത്തുമിഷനുകളുമായി തോളൂർ ഗ്രാമപഞ്ചായത്ത്

സുസ്ഥിരവികസനപദ്ധതി ശാസ്ത്രീയമായി ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തായി മാറാൻ തോളൂർ ഗ്രാമപഞ്ചായത്തിന്റെ ശ്രമം. സംസ്ഥാന സർക്കാരിന്റെ നാലുമിഷനുകൾക്കു പുറമെ പത്തു മിഷനുകൾ കൂടി ഏറ്റെടുത്തു നടപ്പാക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. ആസൂത്രണസമിതി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ, സി.ഡി.എസ് മെമ്പർമാർ, കോർഡിനേറ്റർമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പഞ്ചായത്ത് പ്രസിഡന്റ് രാധാരവീന്ദ്രൻ സ്വാഗതം പറഞ്ഞു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. പഞ്ചായത്ത് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന നമ്മൾ മുന്നോട്ട് പദ്ധതിയെക്കുറിച്ച് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനീഷ് മണാളത്ത് വിശദീകരിച്ചു. പഞ്ചായത്തിന്റെ വികസനരേഖയെക്കുറിച്ചും വിവരശേഖരണത്തെ സംബന്ധിച്ചും എം.രേണുകുമാർ സംസാരിച്ചു. എം.ജി.കാളിദാസും ഭാസ്കരൻ പള്ളിക്കരയും ക്ലാസ്സെടുത്തു. നന്മ, ഹരിതസമൃദ്ധി, ഭക്ഷ്യസമൃദ്ധി, ഹരിതശ്രീ, ഗ്രീൻ തോളൂർ–ക്ലീൻ തോളൂർ, ഗ്രാമപൊലി, മുത്തശ്ശിമാവും മാമ്പഴക്കൂട്ടങ്ങളും, നന്മയുടെ നാട്ടുവീഥികൾ, നാട്ടറിവ്, നമ്മൾ മുന്നോട്ട്, എന്നിവയാണ് പത്തു മിഷനുകൾ. പത്തു മിഷനുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ ലോഗോകൾ കില ഡയറക്ടർ പ്രകാശനം ചെയ്തു. നടപ്പാക്കാൻ പോകുന്ന വികസനപദ്ധതികളുടെ കർമ്മപദ്ധതി ജനസമക്ഷം അവതരിപ്പിച്ചാണ് നിർവഹണത്തിലേക്കു കടക്കുക.



ലിംഗത്വ ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാല

# ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കിലയിൽ ശില്പശാല

**ലൈം**ഗിക ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്താനും അവബോധം സൃഷ്ടിക്കാനും കില രണ്ടുദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. മാനവ വൈവിധ്യ സൗഹൃദ പഞ്ചായത്തുകളുടെ നിർമ്മിതിക്കായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് തയ്യാറാക്കിയ സമ്മർദ്ദരേഖയും ശില്പശാല ചർച്ച ചെയ്തു. ലിംഗത്വ ലൈംഗിക ന്യൂനപക്ഷങ്ങളും വിദഗ്ദ്ധരുമാണ് ശില്പശാലയിൽ പങ്കെടുത്തത്. നൂറ്റാണ്ടുകളായി പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തെ മുഖ്യ ധാരയിലേക്കു കൊണ്ടുവരാനാണ് കില ലക്ഷ്യമിടുന്നത്. എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട ഇക്കൂട്ടരിൽ പ്രധാനപ്പെട്ട വിഭാഗമായ ട്രാൻസ്ജെന്റർ ഇന്റർ സെക്സ്(ടി.ജി.ഐ) വിഭാഗത്തെ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പോളിസി നടപ്പിലാക്കിവരുന്നു. ഈ സാഹചര്യത്തിലാണ് ലൈംഗിക-ലിംഗത്വ ന്യൂനപക്ഷങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഈ വിഭാഗങ്ങളുടെ ആവശ്യങ്ങളെ തദ്ദേശസ്വയംഭരണ വ്യവസ്ഥയ്ക്കുള്ളിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നത്. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കോഴ്സ് ഡയറക്ടർ ഡോ.കെ.പി.എൻ.അമൃത കാര്യപരിപാടി വിശദീകരിച്ചു. കോർഡിനേറ്റർ റിസ്മിയ സംസാരിച്ചു. കൈപ്പുസ്തകം ക്വീയറിഥം പ്രസിഡന്റ് പി.കെ.പ്രിജിത്ത് പരിചയപ്പെടുത്തി. കേരള ട്രാൻസ്ജെന്റർ പോളിസി പ്രവർത്തനങ്ങളെക്കുറിച്ചും ട്രാൻസ്ജെന്റർ നേരിടുന്ന പ്രത്യേക വെല്ലുവിളികളേയും കുറിച്ച് ടി.ജി.സെൽ സംസ്ഥാന അദ്ധ്യക്ഷ ശ്യാമ.എസ്.പ്രഭ സംസാരിച്ചു. ഇന്റർ സെക്സ് ജനങ്ങൾ നേരിടുന്ന അതിസൂക്ഷ്മ പ്രശ്നങ്ങളെപ്പറ്റി കമ്മ്യൂണിറ്റി സംഘടനാപ്രതിനിധി ചിഞ്ചു അശ്വതിയാണ് സംസാരിച്ചത്. ഡോ.പീറ്റർഎം.രാജ്, ഡോ. ജിജോ കുര്യാക്കോസ് (ഫൗണ്ടർ മെമ്പർ ക്വിയറള) എം.രേണുകുമാർ, കിഷോർ കുമാർ, ഡോ.അമൃത്രാജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.



കിലയിൽ പഠനസന്ദർശനത്തിനെത്തിയ ബി.എഡ് കോളേജ് വിദ്യാർത്ഥികൾക്കു സംഘടിപ്പിച്ച പരിശീലനപരിപാടി

# ബി.എഡ് കോളേജ് വിദ്യാർത്ഥികൾ പഠനസന്ദർശനത്തിനു കിലയിൽ

**പെ**രുമ്പിലാവ് മാർ ഒസ്താതിയോസ് ബി.എഡ് കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും ഒരു ദിവസത്തെ പഠന സന്ദർശനത്തിനു കിലയിലെത്തി. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനത്തെക്കുറിച്ചും മനസ്സിലാക്കാനാണ് അവരെത്തിയത്. പ്രിൻസിപ്പാൾ ഡോ.ലിൻസി ജോൺ നേതൃത്വത്തിലുള്ള സംഘത്തിൽ 94 വിദ്യാർത്ഥികളും മൂന്ന് അധ്യാപകരുണ്ടായിരുന്നു. കിലയിൽ ഇവർക്കു വിവിധ വിഷയങ്ങളെക്കുറിച്ച് ഹ്രസ്വ പരിശീലനം നൽകി. കില അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം. രാജ് ആമുഖപ്രഭാഷണം നടത്തി. കോർഡിനേറ്റർ എം.രേണുകുമാർ സംസാരിച്ചു. സി.രാധാകൃഷ്ണൻ, എം.ജി.കാളിദാസൻ, ഭാസ്കരൻ പള്ളിക്കര എന്നിവർ സംസാരിച്ചു.


KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**